ബാങ്കുകൾ

*൩൪൩. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി-തിരുവിതാംകൂർ സംസ്ഥാനത്ത് എത്ര ബാങ്കുകൾ പ്രവർത്തനം നടത്തുന്നുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) അവയിൽ എത്ര ബാങ്കുകൾ ഷെഡ്യൂൾഡ് ലിസ്റ്റിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ആ ബാങ്കുകളെ ഷെഡ്യൂൾഡ് ലിസ്റ്റിൽനിന്നും ഒഴിവാക്കിയിരിക്കുന്നതെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ:

(എ) തിരുവിതാംകൂറിൽ ബാങ്കുകളുടെ എണ്ണം ൧൦൫. കൊച്ചിയിലെ ലിസ്റ്റ് ഇതുവരെ കിട്ടിയിട്ടില്ല.

(ബി) രണ്ട്.

(സി) ഗവൺമെണ്ടിനു് ധനപരമായ താൽപര്യമുള്ളതുകൊണ്ടാണു്.

ശ്രീ. കെ. ആർ ഇലങ്കത്തു്: ഏതെല്ലാം ബാങ്കുകളാണു് ഷെഡ്യൂൾഡ് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: ട്രാവൻകൂർ ക്രെഡിറ്റ് ബാങ്കും, ട്രാവൻകൂർ ബാങ്കും.

ശ്രീ. എം. ഐ. പോൾ: ഏതെങ്കിലും ബാങ്കിൽ ഷെഡ്യൂൾഡ് ചെയ്യുന്ന ഉദ്യോഗസ്ഥന്മാരോ വിദഗ്ദ്ധന്മാരോ ആ ബാങ്കു് ലിക്വിഡേറ്റ് ചെയ്യണമെന്നു അഭിപ്രായപ്പെടുകയാണെങ്കിൽ അങ്ങനെ ചെയ്യാറുണ്ടോ?

Mr. Speaker: That is a matter of legal opinion.

ശ്രീ. എം. ഐ. പോൾ: ലിക്വിഡേറ്റ് ചെയ്യണമെന്നു് ബാങ്കിലെ അംഗങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെ ചെയ്യുമോ?

ശ്രീ. എ. ജെ. ജോൺ: അതു് നിയമജ്ഞന്മാരോടാലോചിക്കേണ്ടതാണു്.

ശ്രീ. എ. താണുപിള്ള: ഏപ്രിൽ ഒന്നാം തീയതിമുതൽ ടാക്സിൽ നിന്നും ഒഴിവാക്കണമെങ്കിൽ ഇന്ത്യാഗവൺമെണ്ടിന്റെ അനുമതി വേണ്ടയോ?

ശ്രീ. എ. ജെ. ജോൺ: ഫിനാൻഷ്യൽ എഗ്രിമെന്റിൽ ഈ തത്വം സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: ൯ൻ രൂപയും അതിനു താഴെയും ഉള്ള തുകയ്ക്കു് കുറി തുടങ്ങണമെങ്കിൽ സെക്യൂരിറ്റി വയ്ക്കേണ്ടയോ?

ശ്രീ. എ. ജെ. ജോൺ: ൧൫൦ രൂപയ്ക്കു താഴെയുള്ള ചിട്ടികൾക്കു് സെക്യൂരിറ്റി വേണ്ട.

ശ്രീ. എം. ഐ. പോൾ: അങ്ങനെ സെക്യൂരിറ്റി വാങ്ങിക്കാതിരിക്കുന്നതുകൊണ്ടു് പല ബാങ്കുകളും ശരിയായി പണം കൊടുക്കാറില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ വരാതിരിക്കുന്നതിനു് ഓഡിറ്റും ആ ചിട്ടികളിൽ ചേരാതിരുന്നാൽ മതിയാകും.

ശ്രീ. ഇട്ടീരാ അംബുക്കൻ: ഏപ്രിൽ ഒന്നാം തിയ്യതി മുതൽ ബാങ്കുകൾക്കു് പുതിയ ചിട്ടികൾ തുടങ്ങണമെങ്കിൽ കേന്ദ്രഗവൺമെണ്ടിന്റെ അനുവാദം ആവശ്യമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആ കാര്യം ഇതുവരെ ആലോചനയ്ക്കു് വന്നിട്ടില്ല.

Sri. N. D. Jose: Sir, as for as the Travancore Bank is concerned, how much per cent does the Government get on the Government investment in that Bank?

ശ്രീ. എ. ജെ. ജോൺ: ഗവൺമെണ്ടിനു് രണ്ടുമൂന്നു് അക്കൗണ്ടുകൾ ഉണ്ടു്. ഫിക്സഡ് ഡെപ്പോസിറ്റിനു് രണ്ടു പെർസെന്റും, കറന്റ് ഡെപ്പോസിറ്റിനു് ഒരു പെർസെന്റുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. മാത്യു: സ്റ്റേയിറ്റ് എയിഡഡ് ബാങ്കു് അതായതു് ഇപ്പോഴത്തെ ബാങ്കിംഗ് കാർപ്പറേഷനിൽ ഗവണ്മെൻറ് എത്ര തുക നിക്ഷേപിച്ചിട്ടുണ്ടു്?

ശ്രീ. എ. ജെ. ജോൺ: ഏഴുലക്ഷം രൂപാ.

ശ്രീ. എൻ. പി. വർഗീസു്: അതിലെ ഒരു ഷെയറിനു എന്താണു വില?

ശ്രീ. എ. ജെ. ജോൺ: ഫ്രീ രൂപാ നു അണയോ, എട്ടണയോ ആണു്.

ശ്രീ. എൻ. പി. വർഗീസു്: ഷെയറിൻറെ പാർ വാല്യു എന്താണു്?

ശ്രീ. എ. ജെ. ജോൺ: ഫ്രീ രൂപാ.

ശ്രീ. എ. കെ. ജോർജു്: ഗവണ്മെൻറ് ഇൻവെസ്റ്റ്മെൻറുള്ള ഇൻഡോമെർക്കൻറയിൽ ബാങ്കിനെ ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. എ. കെ. ജോർജു്: അതിനു കാരണമെന്താണു്?

ശ്രീ. എ. ജെ. ജോൺ: ഫിനാൻഷ്യൽ എഗ്രിമെൻറ് നടന്നകാലത്തു ഗവണ്മെൻറിനു അതിൽ ഇൻവെസ്റ്റുമെൻറില്ലായിരുന്നു.

ശ്രീ. എ. കെ. ജോഷ്വാ: ഇൻഡോമെർക്കൻറയിൽ ബാങ്കു് ട്രാവൻകൂർ ബാങ്കുമായി സംയോജിപ്പിക്കാൻ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ലാൻറ് മോർട്ടഗേജു് ബാങ്കിനെ ആദായനികുതിയിൽ നിന്നും ഒഴിവാക്കാൻ വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

FEES IN COLLEGES

***644.** [6] **Sri. N. Daniel Jose:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

whether the fees in different colleges in the State vary considerably?

Sri. Panampilli Govinda Menon: Yes.

Sri. N. D. Jose: How much fees does the University College charge for the intermediate and B. A. classes?

Sri. Panampilli Govinda Menon: I want notice.

Sri. N. D. Jose: Is it not possible to see that all the colleges charge the same fees in the State?

Mr. Speaker: It is a matter of opinion.

OVERLAPPING SCHOOLS

***645.** [7] **Sri. A. K. George:** Will the Hon'ble Minister for Education be pleased to state.—

(*a*) has the special officer appointed by the Government for studying the position of overlapping schools in the State submitted his report to the Government; and

(*b*) if so, what are this recommendations?

Sri. Panampilli Govinda Menon: (*a*) No.

(*b*) Does not arise in view of answer to part (*a*).

GIVING ESTATE LAND TO THE LABOURERS FOR CULTIVATION

***646.** [8] **Sri. N. P. Varghese:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state whether Government are aware that labourers employed in some of the estates in Muvattupuzha taluk were allowed to cultivate tapioca and other food crops on uncultivated estate land?

Sri. Panampilli Govinda Menon: No. Government are not aware.

ശ്രീ. എൻ. പി. വറഗീസു്: ഇപ്പോൾ അപ്രകാരം കൃഷിചെയ്യാൻ അനുവദിക്കുന്നില്ലെന്നറിയാമോ?

Sri. Panampilli Govinda Menon: No.

ശ്രീ. എൻ. പി. വറഗീസു്: അതിനെപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly